ശമ്പള കുടിശ്ശിക ലഭ്യമാക്കുന്നതിന് ശ്രീമതി ശാന്തകുമാരി നൽകിയ പരാതി

132 (790)ശ്രീ. ഇ.എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിൽ പച്ചടി ആയുർവേദ മെഡിക്കൽ ഓഫീസർ ശ്രീമതി ശാന്തകുമാരി തന്റെ ശമ്പള കുടിശ്ശിക ലഭിക്കുന്നതിന് നൽകിയ പരാതിയിൻമേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പരാതി എന്നാണ് നൽകിയത്;

(സി) ശമ്പള കുടിശ്ശിക നൽകുന്നതിനുള്ള നടപടികൾ എപ്പോൾ പൂർത്തിയാകുമെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇക്കാര്യത്തിലുള്ള തടസ്സം എന്താണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) 15.12.99 ൽ ശ്രീമതി ശാന്തകുമാരിയുടെ പരാതി പരിശോധിച്ച് നടപടി സ്വീകരിച്ചിട്ടുള്ള വിവരം ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്.

(ബി) ശ്രീമതി ശാന്തകുമാരി ആരോഗ്യവകുപ്പ് സെക്രട്ടറിക്ക് സമർപ്പിച്ച അപേക്ഷയുടെ കോപ്പി 15.12.99 ൽ ജില്ലാ ഓഫീസിലും 16.12.99 ൽ ആയുർവേദ ഡയറക്ടർക്കും ലഭിച്ചിട്ടുണ്ട്.

(സി)&(ഡി) ഇക്കാര്യത്തിൽ ഇടുക്കി ട്രൈബൽ ഡെവലപ്മെന്റ് വകുപ്പാണ് നടപടി സ്വീകരിക്കേണ്ടത്.

എസ്.എ.ടി. ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റി

133 (791)ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള എസ്.എ.ടി. ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ സ്വാതന്ത്ര്യത്തിന്റെ സുവർണ്ണജൂബിലി പ്രമാണിച്ച് 1997 ആഗസ്റ്റ് 15 ന് ആദ്യം പിറക്കുന്ന 5 കുട്ടികൾക്കു സ്വർണ്ണ മെഡൽ സമ്മാനിക്കാൻ തീരുമാനിച്ചിരുന്നോ;

(ബി) ഇതനുസരിച്ച് നൽകിയ സ്വർണ്ണ മെഡലിനുപകരം മുക്കുപണ്ടം നൽകിയതായി എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അതിൻമേൽ എന്തെങ്കിലും അന്വേഷണം നടന്നിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly